അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലെ സ്പെയ്സ്"-ന്റെ നിർമ്മാണത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർ അക്കാര്യം അറിയിച്ചിട്ടുണ്ടോ ;

(സി) മൾട്ടി സ്പോർട്സ് സെന്റർ എലത്തൂർ നിയോജകമണ്ഡലത്തിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്" നിർമ്മാണത്തിന് വേണ്ടി 36 x 24 m സ്ഥലം ആവശ്യമായിട്ടുള്ളതാണ്. ഇത്രയും സ്ഥലം 'ടി' ഗ്രൗണ്ടിൽ നിന്ന് എടുത്താൽ ഇപ്പോൾ നിലവിലുള്ള ഫുട്ബോൾ കളിസ്ഥലത്തിന് സ്ഥലം നഷ്ടമാകും. ഇത് കാരണമാണ് നിർമ്മാണം നിർത്തിവച്ചിരിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ തടസ്സം ഉള്ളതായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

(സി) മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ് സ്ഥാപിക്കുന്നതിന് ആവശ്യമായ 36 X 24 m സ്ഥലം തെക്ക്-വടക്ക് ദിശയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ ലഭിക്കുന്നപക്ഷം മാത്രമേ മൾട്ടി പർപ്പസ് കോർട്ട് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

ദേശീയ ഗെയിംസിനുവേണ്ടിയുള്ള സ്റ്റേഡിയം നിർമ്മാണം

309 (311) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾ നിശ്ചയിച്ചിട്ടുള്ള കാര്യവട്ടത്തെ പുതിയ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ് ; നിർമ്മാണ കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ ഗെയിംസിൽ ഹോക്കി നടത്താൻ ഉദ്ദേശിക്കുന്ന കൊല്ലം ഹോക്കി സ്റ്റേഡിയം നിർമ്മാണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ നടന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ അടങ്കൽ തുകയും കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയെന്നതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) കാര്യവട്ടം സ്റ്റേഡിയത്തിന്റെ നോർത്ത് പവലിയന്റെ സിവിൽ പണികൾ 100% പൂർത്തിയായിട്ടുണ്ട്. അകത്തുള്ള ഇലക്ട്രിക്കൽ, എയർകണ്ടിഷനിംഗ്, ഫയർ യൂണിറ്റ് എന്നിവയുടെ പണികൾ നടന്നുവരുന്നു. പടിഞ്ഞാറ് വശത്തുള്ള പവലിയന്റെ സീറ്റിംഗ് പണികൾ തീർന്നു. അകത്തുള്ള ഇലക്ട്രിക്കൽ, ടോയലറ്റ് എന്നിവയുടെ പണികൾ നടന്നുവരുന്നു, തെക്ക് വശത്തെ പവലിയന്റെ സിവിൽ പണികൾ നടന്നുകഴിഞ്ഞു. കസേരകൾ ഉറപ്പിക്കലും, പവലിയന്റെ അകത്തുള്ള പണികളും നടന്നുവരുന്നു. കിഴക്ക് ഭാഗത്തെ പവിലിയന്റെ മുകൾവശത്തുള്ള സീറ്റിംഗിന്റെ പണികൾ നടന്നുവരുന്നു.

നാഷണൽ ഹൈവേയിൽനിന്നും തുടങ്ങുന്ന അപ്രോച്ച് റോഡ്, മതിൽ നിർമ്മാണം എന്നിവ ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ പുനരാരംഭിച്ചിട്ടുണ്ട്. കളിസ്ഥലത്തുള്ള മണ്ണ് നീക്കം ചെയ്ത് നിരപ്പാക്കുന്നതിനുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസ് ഉദ്ഘാടന-സമാപന ചടങ്ങുകൾക്കായി സ്റ്റേഡിയം സജ്ജമാക്കുന്നതാണ്.

(ബി) കാര്യവട്ടത്തെ സ്റ്റേഡിയത്തിന്റെ നിർമ്മാണം ആന്വിറ്റി സ്കീം പ്രകാരം M/s. IL & FS ട്രാൻസ്പോർട്ടേഷൻ നെറ്റ് വർക്ക് ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നെറ്റ് പ്രസന്റ് വാല്യൂ (NPV) കണക്കാക്കിയിരിക്കുന്നത് 141.20 കോടി രൂപയാണ്. കരാർ പ്രകാരം കമ്പനി 2014 ഡിസംബറിൽ പണി പൂർത്തിയാക്കേണ്ടതാണ്.

(സി) ദേശീയ ഗെയിംസിന്റെ ഹോക്കി മത്സരം നടത്താൻ ഉദ്ദേശിക്കുന്ന കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ 14-10-2014-ാം തീയതി സർക്കാരിന്റെ ധനകാര്യ ടെക്നിക്കൽ എക്സാമിനേഷൻ വിഭാഗം പരിശോധന നടത്തി നൽകിയ സൈറ്റ് മെമ്മോയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. സ്റ്റേഡിയത്തിന്റെ പവലിയൻ ബ്ലോക്കിലെ ഇരു വശങ്ങളിലുള്ള പ്രവേശന കവാടത്തിന്റെ ലിന്റലിനു മുകളിലായി ചെയ്തിട്ടുള്ള ബ്ലോക്ക് വർക്കിൽ നിലവാരം കുറഞ്ഞ ചാന്ത് ഉപയോഗിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. സൂര്യപ്രകാശവുമായി സമ്പർക്കത്തിൽ വരുന്ന ഭിത്തികളിൽ ലോക്കലൈസ്ഡ് ക്രാക്ക് കാണുന്നു.

3. കോമ്പൗണ്ട് വാളിന്റെ പോയിന്റിംഗും ബ്രിക്ക് വർക്ക് പ്ലാസ്റ്ററിംഗും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ക്ലിയറൻസ് ലഭിച്ചതിനുശേഷം മാത്രം ചെയ്യുക.

ഓരോ വർക്കിന്റെയും എഗ്രിമെന്റ് ഷെഡ്യൂൾ, എസ്റ്റിമേറ്റ് ഡീറ്റെയിൽസ്, സ്റ്റേഡിയം പ്ലാൻ, കോമ്പൗണ്ട് വാളിന്റെ സ്കെച്ചറൽ ക്രോസ്സ് സെക്ഷൻ എന്നിവ ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു.

മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയ പ്രകാരം പ്രവേശന കവാടത്തിന്റെ ലിന്റലിനു മുകളിലുള്ള ബ്ലോക്ക് വർക്ക് പൊളിച്ചുമാറ്റി പുതിയതായി ചെയ്തിട്ടുണ്ട്. ക്രാക്കുണ്ടായ ഭാഗം വീണ്ടും പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്.

ഒപ്പം കോമ്പൗണ്ട് വാൾ നിർമ്മാണം നിർത്തിവയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം ലഭിച്ചശേഷം കോമ്പൗണ്ട് വാൾ നിർമ്മാണം പുനരാരംഭിക്കുന്നതാണ്. കൺസൾട്ടന്റായ BSNL നോട് ഇക്കാര്യത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരം കുറഞ്ഞ നിർമ്മാണ പ്രവർത്തനം എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ പരാമർശിച്ച പ്രവൃത്തികൾ കരാറുകാരന്റെ ചെലവിൽ നീക്കം ചെയ്ത് പുനർനിർമ്മിച്ചിട്ടുണ്ട്.

(ഡി) കൊല്ലം ഹോക്കി സ്റ്റേഡിയത്തിലെ നിർമ്മാണത്തിന്റെ അടങ്കൽ തുകയും കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയെല്ലാം ആണ് എന്നുള്ളതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ 15-12-2014-ന് പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതു സംബന്ധിച്ച്

310 (312) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സ്പോർട്സ് കൌൺസിലും കിറ്റ്കോയും ചേർന്ന് കുറവിലങ്ങാട് ദേവമാതാ കോളേജിൽ നീന്തൽക്കുളം നിർമ്മിക്കുന്നതു സംബന്ധിച്ച വിശദമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly